**പത്രക്കുറിപ്പ്**
**26-5-2017**

**വിപണനമേളയ്ക്ക് നിറം പകരാൻ**
**ചലച്ചിത്ര പ്രദർശനവും സഞ്ചരിക്കുന്ന ആർട്ട് ഗ്യാലറിയും**

ആലപ്പുഴ: കുടുംബശ്രീ പത്തൊമ്പതാം വാർഷികാഘോഷങ്ങളോടനുബന്ധിച്ച് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുമായി ചേർന്നു ടൗൺ ഹാളിൽ സംഘടിപ്പിക്കുന്ന ചലച്ചിത്ര പ്രദർശനനവും സഞ്ചരിക്കുന്ന ആർട്ട് ഗ്യാലറിയും ശ്രദ്ധേയമാകുന്നു. മേള തുടങ്ങി രണ്ടു ദിവസം പിന്നിടുമ്പോൾ ചിൽഡ്രൻസ് ഓഫ് ഹെവൻ, മോഡേൺ ടൈംസ് എന്നിവ ഉൾപ്പെടെ ഇതിനകം പത്തോളം ചിത്രങ്ങൾ പ്രദർശിപ്പിച്ചു കഴിഞ്ഞു. രാവിലെ രാവിലെ 11നും ഉച്ച കഴിഞ്ഞ് 2,4,6 മണിക്കാണ് പ്രദർശനങ്ങൾ. ഉൽപന്ന-ഭക്ഷ്യ വിപണന മേളയ്ക്കായി എത്തുന്നവർ ഇവിടെ പ്രദർശിപ്പിക്കുന്ന സിനിമകളും കാണുന്നുണ്ട്. ഇന്ന് (27-5-2017) ബൈസൈക്കിൾ തീവ്സ്, അഞ്ചു സുന്ദരികൾ എന്നീ ചിത്രങ്ങളാണ് പ്രദർശിപ്പിക്കുക.

കേരള ലളിതകലാ അക്കാദമിയുമായി ചേർന്നുകൊണ്ടാണ് ആർട്ട് ഗ്യാലറിയുടെ പ്രദർശനം. കേരളത്തിലെ പ്രശസ്ത ചിത്രകാരുടെ മുപ്പത്തിയെട്ടു ചിത്രങ്ങളാണ് വാഹനത്തിൽ പ്രദർശിപ്പിച്ചിട്ടുള്ളത്. ഉൽപന്ന-ഭക്ഷ്യമേളയോടനുബന്ധിച്ച് 30 വരെ സിനിമാ പ്രദർശനവും ആർട്ട് ഗ്യാലറിയും ഉണ്ടാകും.

മേളയോനുബന്ധിച്ച് പത്തനംതിട്ട, എറണാകുളം, കൊല്ലം,ആലപ്പുഴ ജില്ലകളിൽ നിന്നുള്ള കുടുംബശ്രീ വനിതകളും ബാലസഭാംഗങ്ങളും സിനിമാറ്റിക് ഡാൻസ്, ക്ലാസിക്കൽ ഡാൻസ്, കോൽകളി, നാടൻപാട്ട്, തിരുവാതിര തുടങ്ങി വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.